LIBRARY ARCHIVES Kerala Legislative Assembly

കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് ഭൂമി

7(1995) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി, മാങ്കുളം വൈദ്യുത പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) കൃഷിയെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ആദിവാസികൾക്ക് പാറക്കല്ലുകളും മലഞ്ചരിവുകളുമുള്ള ഭൂമി വാങ്ങി നൽകിയതായും തന്മൂലം അവരുടെ ജീവിതം ദുരിതത്തിലായെന്നുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അവർക്ക് കൃഷിയോഗ്യമായ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ മാങ്കുളം ജലവൈദ്യുത പദ്ധതിയുടെ നടത്തിപ്പിനായി കുറത്തിക്കുടിയിലുള്ള 10 ആദിവാസി കുടുംബങ്ങളിൽ നിന്നും ഏറ്റെടുത്ത 7.61 ഏക്കർ ഭൂമിക്ക് പകരം പുനരധിവാസ പാക്കേജിന്റെ ഭാഗമായി ഭൂമി നൽകുന്നതിനുവേണ്ടി ഇടുക്കി ജില്ലയിലെ മന്നാംകണ്ടം വില്ലേജിലെ 10 - മൈലിനടുത്തുള്ള 7.61 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുണ്ട്. ഈ സ്ഥലം അർഹരായ ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

ഇടുക്കി പദ്ധതിയുടെ ഓഗ്മെന്റേഷൻ പദ്ധതിയായ വടക്കേപ്പുഴ ഡൈവേർഷൻ പദ്ധതിയ്ക്കായി 2 ആദിവാസി കുടുംബങ്ങൾക്ക് 25 സെന്റ് ഭൂമി വീതം പകരം നൽകിയിട്ടുണ്ട്.

(ബി&സി) വാർത്തകൾ വാസ്തവ വിരുദ്ധമാണ്. ഇടുക്കി ജില്ലയിലെ മാങ്കുളം ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായി പകരം ഭൂമി തെരഞ്ഞെടുത്ത് ഡിസ്ട്രിക് ട്രൈബ്യൂണൽ ഡെവലപ്മെന്റ് ഓഫീസറും ജനപ്രതിനിധികളും ഗുണഭോക്താക്കളായ ആദിവാസികളും ചേർന്നുള്ള സമിതിയാണ്. കൂടാതെ ആദിവാസികൾ നേരിൽ കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥലം ഏറ്റെടുത്തത്.

എ.പി.ടി.എസ്. സ്റ്റാന്റുകളുടെ പ്രവർത്തനം

8(1996) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര യൂണിറ്റ് വൈദ്യുതി മോഷണം തെറ്റ് സ്റ്റാന്റ് കണ്ടുപിടിച്ചു : എത്ര ഫൈൻ ഈടാക്കി ; കണ്ടുപിടിച്ചതിൽ